بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 06.12.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

# തിരുനബി ചരിത്രം: ഹുദൈബിയാ സന്ധി - 4

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ഹുദൈബിയ സന്ധിയെക്കുറിച്ച് ഇന്നും കുറച്ച് കൂടുതൽ വിവരണങ്ങൾ നൽകുന്നതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്ത മുന്നബിയ്യീനിൽ ഈ സംഭവത്തെ പരാമർശിച്ചു കൊണ്ട് എഴുതുന്നു, ഉടമ്പടികളിൽ പഴുതുകൾ ബാക്കിയാകാറുണ്ട്. അത് പിന്നീട് ചില സമയത്ത് വലിയ ഫലങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ഹുദൈബിയ സന്ധിയിലും ഈ ഒരു പഴുത് ഉണ്ടായിരുന്നു. അതിൽ മുസ്‌ലിം പുരുഷന്മാരെ തിരിച്ചയക്കുന്നത് സംബന്ധിച്ച് വ്യക്തമായ പരാമർശം ഉണ്ടായിരുന്നെങ്കിലും സ്ത്രീകളെക്കുറിച്ചുള്ള പരാമർശങ്ങൾ ഒന്നും ഇല്ലായിരുന്നു.

അങ്ങനെ ഈ സന്ധിയിൽ കുറച്ച് സമയം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. മക്കയിൽനിന്ന് ചില മുസ്‌ലിം സ്ത്രീകൾ കാഫിരീങ്ങളുടെ കൈകളിൽ നിന്ന് രക്ഷപ്പെട്ട് മദീനയിലെത്തി. അതിൽ ആദ്യം വന്നത് മക്കയിലെ മരണപ്പെട്ട ഒരു മുശ്രിക്ക് പ്രമാണിയായ ഉഖ്ബ ബിൻ അബീമുഈത്തിന്റെ മകൾ ഉമ്മുകുൽസും ആയിരുന്നു. ഇവർ മാതാവ് വഴിക്ക് ഹദ്റത്ത് ഉസ്മാൻ ഇബ്നു അഫ്ഫാന്റെ സഹോദരിയാണ്. ഉമ്മുകുൽസും വളരെ ധൈര്യപൂർവം കാൽനടയായി മദീനയിൽ നബി(സ)ന്റെ സവിധത്തിലെത്തി താൻ ഇസ്‌ലാം സ്വീകരിച്ചുവെന്ന് പറയുകയുണ്ടായി. പക്ഷേ അവർക്ക് പിന്നിൽ അവരുടെ രണ്ട് അടുത്ത ബന്ധുക്കൾ എത്തി അവരെ തിരിച്ചയക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഉടമ്പടിയിൽ പുരുഷന്മാരെന്ന പദമാണ് ഉപയോഗിച്ചതെങ്കിലും വാസ്തവത്തിൽ ഉടമ്പടി പൊതുവായിട്ടുള്ളതിനാൽ അത് സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെന്നായിരുന്നു അവരുടെ വാദം. എന്നാൽ ഉമ്മുകുൽസും ഉടമ്പടിയുടെ വാക്കുകൾക്ക് പുറമേ സ്ത്രീകൾ (ഈ ഉടമ്പടിയിൽനിന്ന് ഒഴിവാണെന്ന വാദക്കാരിയായിരുന്നു. കാരണം അവർ) വളരെ അബലകളാണെന്നും (പൊതുവേ പുരുഷന്മാരെ അപേക്ഷിച്ച് കീഴൊതുങ്ങിക്കഴിയുന്ന അവസ്ഥയിലാണെന്നും) അതുകൊണ്ട് തിരിച്ചുപോകാൻ അവർ തയ്യാറായിരുന്നില്ല.

അതുകൊണ്ട് സ്വാഭാവികമായും ന്യായമായും നബി(സ) ഉമ്മുകുൽസുമിന് അനുകൂലമായി വിധി പറഞ്ഞു. അങ്ങനെ ഈ ദിവസങ്ങളിൽ ഖുർആനിക ആയത്തുകൾ ഇറങ്ങുകയുണ്ടായി. അതായത് ഏതെങ്കിലും സ്ത്രീ മുസ്‌ലിമാണെന്ന് വാദിച്ചുകൊണ്ട് മദീനയിൽ വരികയാണെങ്കിൽ അവരെ നല്ലപോലെ പരീക്ഷണവിധേയരാക്കുക. അവർ നല്ലവളും ആത്മാർത്ഥതയുള്ളവളും ആണെന്ന് കാണുന്നുവെങ്കിൽ പിന്നെ അവരെ നിഷേധികളുടെ അടുക്കലേക്ക് ഒരിക്കലും അയക്കരുത്. അഥവാ അവർ വിവാഹിതയാണെങ്കിൽ അവരുടെ മഹർ അവരുടെ മുശ്രിക്കായ ഭർത്താവിന് തീർച്ചയായും കൊടുക്കേണ്ടതാണ്.

ഹുദൈബിയ സന്ധിയിലെ നിബന്ധനകളിലൊന്ന് ഖുറൈശികളിൽനിന്ന് ഏതെങ്കിലും വ്യക്തി മുസ്‌ലിമായി മദീനയിലേക്ക് വരികയാണെങ്കിൽ മദീനക്കാർ അദ്ദേഹത്തിന് അഭയം നൽകരുതെന്ന് മാത്രമല്ല തിരിച്ചയക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഏതെങ്കിലും മുസ്‌ലിം മക്കയിലേക്ക് തിരിക്കുകയാണെങ്കിൽ മക്കക്കാർ അയാളെ തിരിച്ചയക്കുന്നതല്ല. പ്രത്യക്ഷത്തിൽ ഈ നിബന്ധന മുസ്‌ലിങ്ങളെ സംബന്ധിച്ചിടത്തോളം അപമാനകരമാണെന്ന് കരുതപ്പെട്ടിരുന്നു. പക്ഷെ യഥാർഥത്തിൽ അങ്ങനെയായിരുന്നില്ല. (ആ നിബന്ധന മുസ്‌ലിങ്ങളുടെ സുദൃഢതക്ക് കാരണമായി.) കാരണം തിരുനബി(സ) തുടക്കത്തിൽ തന്നെ പറയുകയുണ്ടായി: ആരെങ്കിലും മദീനയിൽനിന്ന് മുഖം തിരിക്കുകയാണെങ്കിൽ അത്തരം മുനാഫിഖ് അല്ലെങ്കിൽ വൃത്തിഹീനമായ അവയവത്തെ മദീനയിലേക്ക് കൊണ്ടുവരേണ്ട ആവശ്യമെന്താണ്?

കൂടുതൽ സമയം കഴിയുന്നതിനുമുമ്പേ മക്കാനിവാസിയായ അബൂബസീർ മുസ്‌ലിമായി മദീനയിലെത്തി. നബി(സ) അബൂബസീറിനെ ഉടമ്പടിയനുസരിച്ച് അവർക്ക് ഏൽപ്പിച്ചുകൊടുത്തു. അബൂബസീർ അവരോടൊപ്പം തിരിച്ചുപോകുമ്പോൾ വഴിയിൽവെച്ച് പ്രസ്തുത പാർട്ടിയുടെ നേതാവിനെ വകവരുത്തി. രണ്ടാമത്തെ ആൾ ജീവനുംകൊണ്ടോടി മദീനയിലെത്തി. പിന്നിൽ അബൂബസീറും മദീനയിൽവന്നു. ഉടനെ നബി(സ)നോട് പറഞ്ഞു: യാ റസൂലല്ലാഹ്, അങ്ങ് എന്നെ ഖുറൈശികളുടെ കയ്യിൽ ഏൽപ്പിച്ചതാണ്. അതോടെ അങ്ങയുടെ ഉത്തരവാദിത്തം തീർന്നു. പക്ഷേ അല്ലാഹു എന്നെ അക്രമകാരികളിൽനിന്ന് രക്ഷപ്പെടുത്തിയിരിക്കുന്നു. നബി(സ) പറഞ്ഞു: ഇയാൾ യുദ്ധാഗ്നി പടർത്തുകയാണ്. അബൂബസീർ ഈ വാക്കുകൾ കേട്ടപ്പോൾ നബി(സ) ഉടമ്പടി കാരണത്താൽ ഏതായാലും തന്നോട് തിരിച്ചുപോവാൻ പറയുമെന്ന് മനസിലാക്കി. അങ്ങനെ അയാൾ രഹസ്യമായി അവിടെനിന്ന് മാറി മറ്റൊരു സ്ഥലത്ത് താമസമാക്കി. മക്കയിൽ രഹസ്യമായും ദുർബലരായും കഴിഞ്ഞിരുന്ന മുസ്‌ലിങ്ങൾ അബൂബസീർ മറ്റൊരു താവളമുണ്ടാക്കി എന്നറിഞ്ഞപ്പോൾ മക്കയിൽനിന്ന് പതിയെപ്പതിയെ അവിടേക്ക് എത്തുകയുണ്ടായി. അവരിൽ മക്കാമൂപ്പനായ സുഹൈൽ ഇബ്നു അംറിന്റെ മകൻ അബൂജന്ദലും ഉണ്ടായിരുന്നു. ഏതായാലും മന്ദംമന്ദം അവിടെയുള്ള ആളുകളുടെ എണ്ണം എഴുപത് ചില നിവേദനങ്ങൾ അനുസരിച്ച് മുന്നൂറ് വരെ എത്തി. അങ്ങനെ ഒരർത്ഥത്തിൽ മദീനക്ക് പുറത്ത് മറ്റൊരു സ്ഥലത്തുകൂടി ഇസ്‌ലാമിക രാജ്യം ഉടലെടുക്കുകയുണ്ടായി. (ഈ സ്വതന്ത്ര രാഷ്ട്രീയ സംവിധാനം ഖുറൈശികൾക്ക് അപകടമായിരുന്നു.) ഈ സ്ഥലം മദീനയിൽനിന്ന് ശാമിലേക്ക്പോകുന്ന വഴിയുടെ സമീപമായിരുന്നു. അതുകൊണ്ട് ഖുറൈശി കച്ചവടസംഘങ്ങളുമായി ഈ മുജാഹിരീങ്ങളുടെ ഏറ്റുമുട്ടലുകൾ ആരംഭിച്ചു. ഈ പുതിയ സംഘത്തിന്റെ ആക്രമണങ്ങളാൽ പൊറുതിമുട്ടിയ ഖുറൈശികൾ നബി(സ)ന്റെ സവിധത്തിൽ ഇങ്ങനെ അപേക്ഷിച്ചു. ഇവരെ മദീനയിലേക്ക് വിളിച്ച് നിങ്ങളുടെ ഭാഗമാക്കുക. നബി(സ) അബൂബസീറിനും അബൂജന്ദലിനും കത്ത് മുഖേന വിവരമറിയിച്ചു. ആ സമയത്ത് രോഗിയായി കിടപ്പിലായിരുന്ന അബൂബസീർ നബി(സ)ന്റെ അനുഗൃഹീത കത്ത് വളരെ താല്പര്യപൂർവം തന്റെ കൈകളിൽപിടിക്കുകയും അതേ അവസ്ഥയിൽ തന്നെ മരണപ്പെടുകയും ചെയ്തു. ബാക്കി മുസ്‌ലിംകൾ മദീനയിൽ എത്തുകയും ചെയ്തു.

അമുസ്‌ലിം ചരിത്രകാരന്മാർ അവരുടെ സ്ഥായിയായ സ്വഭാവമനുസരിച്ച് ചരിത്രത്തെ വളച്ചൊടിച്ചുകൊണ്ട് ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. ഹുദൈബിയ സന്ധി സംബന്ധിച്ച് ഉള്ള 2 ആക്ഷേപങ്ങളെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, ഒന്ന് നബി(സ) ഹുദൈബിയ സന്ധി നിർദേശങ്ങളിൽനിന്ന് സ്ത്രീകളെ ഒഴിവാക്കിയത്. രണ്ട്, അബൂബസീറിന്റെ സംഭവവുമായി ബന്ധപ്പെട്ടത്.

ഈ ആരോപണങ്ങളുടെ മറുപടിയിൽ ഏറ്റവുമാദ്യം ഓർക്കേണ്ട ഒരു കാര്യം, ഉടമ്പടി മക്കയിലെ ഖുറൈശികളുമായിട്ടായിരുന്നു. മക്കയിലെ ഖുറൈശികൾ ഇസ്‌ലാമിന്റെ ആരംഭകാലം മുതൽതന്നെ നബി(സ)നെതിരിൽ യുദ്ധസന്നദ്ധരായിരുന്നു. (അവർ, നബി(സ)ന്റെ ഈ കാര്യത്തിൽ ആക്ഷേപമൊന്നും അന്ന് ഉന്നയിച്ചിട്ടില്ല.) ഇതിന് ശക്തമായ മറ്റൊരു സാക്ഷ്യം കൂടി തെളിവായിട്ടുള്ളത്, ഹുദൈബിയ സന്ധിക്ക്ശേഷം നബി(സ) അയച്ചിരുന്ന തബ്‌ലീഗ് കത്ത് റോമൻ ചക്രവർത്തി കൈസറിന് ലഭിച്ചപ്പോൾ ആ സമയത്ത് ശ്യാമിലുണ്ടായിരുന്ന മക്കാമൂപ്പനായ അബൂസുഫിയാനെ തന്റെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി. ഇതേപറ്റി ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ അബൂസുഫിയാൻ പറഞ്ഞ മറുപടി: മുഹമ്മദ്(സ) ഒരിക്കലും ഒരു ഉടമ്പടിയും ലംഘിച്ചിട്ടില്ല എന്നാണ്.

സ്ത്രീകൾ തിരിച്ചുപോകുന്നതുമായി ബന്ധപ്പെട്ട ആക്ഷേപത്തെപറ്റി ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ബുഖാരിയിൽ വന്ന വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: ഇത്രയും വ്യക്തവും സംശയാതീതവുമായ വാക്കുകൾ ഉണ്ടായിരിക്കെ ഈ ഉടമ്പടിയിൽ സ്ത്രീ പുരുഷന്മാർ രണ്ട് കൂട്ടരും ഉൾപ്പെടുന്നുവെന്ന് ആക്ഷേപമുന്നയിക്കുന്നത് അന്യായം മാത്രമല്ല, മറിച്ച് അങ്ങേയറ്റത്തെ വഞ്ചനകൂടിയാകുന്നു. ഇനി ചരിത്രത്തിലെ ചില നിവേദനങ്ങളിൽ ഉടമ്പടിയുടെ വാക്കുകളിൽ റജുലുൻ അഥവാ പുരുഷന്മാർ എന്ന പദം ഇല്ലെന്നും മറിച്ച് പൊതുവായ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്നും അതിൽ സ്ത്രീയും പുരുഷനും രണ്ട് കൂട്ടരും ഉൾപ്പെടുന്നുവെന്നാണ് പറയുന്നത് എങ്കിൽ അതിനുള്ള മറുപടി ഇപ്രകാരമാകുന്നു.

ഒന്ന്, സുവ്യക്തമായ സഹീഹായ നിവേദനങ്ങളിൽ റജുലുൻ അഥവാ പുരുഷൻ എന്ന പദം വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അതിനെത്തന്നെ ശരിയായ പദമെന്ന് അംഗീകരിക്കേണ്ടതാണ്.

കൂടാതെ ചരിത്ര നിവേദനങ്ങളിൽ വന്നിട്ടുള്ള വാക്കുകളെക്കുറിച്ചും നല്ലപോലെ ചിന്തിക്കുകയാണെങ്കിൽ അതും ഈ വിശദീകരണത്തിന് അനുഗുണമാണെന്ന് കാണാൻ കഴിയും. ഉദാഹരണമായി സുപ്രസിദ്ധ ചരിത്രഗ്രന്ഥമായ സീറത്ത് ഇബ്നു ഹിശാമിൽ വന്ന അറബി വാചകത്തിൽ പുരുഷൻ എന്ന പദം പ്രകടമായി വന്നിട്ടില്ലെങ്കിലും ആ വാചകത്തിൽ മുഴുവനും വന്നിട്ടുള്ള പ്രയോഗങ്ങളും സർവ്വനാമങ്ങളും പുരുഷന്മാരെ സംബന്ധിച്ചാണ് ഉപയോഗിച്ചിട്ടുള്ളത്.

അബൂബസീറിന്റെ സംഭവവുമായി ബന്ധപ്പെട്ട അടുത്ത ആക്ഷേപം അവധാനതയോടെ ചിന്തിക്കുകയാണെങ്കിൽ ഈ ആക്ഷേപവും തികച്ചും പൊള്ളയും ദുർബലവുമാണെന്ന് വ്യക്തമാകുന്നതാണ്. നബി(സ) മക്കയിലെ കാഫിരീങ്ങളുമായി ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഇവിടെ ഒരു ചോദ്യം, നബി(സ) ഈ ഉടമ്പടി ലംഘിച്ചിട്ടുണ്ടായിരുന്നുവോ എന്നതാണ്. ഇല്ല, ഒരിക്കലുമില്ല. മറിച്ച് നബി(സ) ഈ ഉടമ്പടി പൂർത്തിയാക്കുന്നതിൽ തികവുറ്റതും പ്രൗഢവുമായ മാതൃകയാണ് കാണിച്ചത്.

നല്ലപോലെ ചിന്തിച്ചു നോക്കുക. അബൂബസീർ ഇസ്ലാമിന്റെ സത്യസാക്ഷ്യം മനസിലാക്കിയതിനെത്തുടർന്ന് മക്കയിൽനിന്ന് ഓടിപ്പോവുന്നു. പാത്തുംപതുങ്ങിയും മദീനയിലെത്തുന്നു. പക്ഷേ അദ്ദേഹത്തിന്റെ അക്രമകാരികളായ കുടുംബക്കാർ അദ്ദേഹത്തിന്റെ പിന്നാലെ എത്തുകയാണ്. അദ്ദേഹത്തെ വാളിന്റെ ബലത്താൽ ഇസ്ലാമിന്റെ സത്യത്തിൽനിന്നും നിർബന്ധപൂർവം തിരിച്ചുകൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അങ്ങനെ രണ്ട് കൂട്ടരും തിരുനബി(സ)ന്റെ സവിധത്തിലെത്തുന്നു. അബൂബസീർ ഇടറിയ ശബ്ദത്തിലും സഹനപൂർവവും ഉണർത്തിക്കുന്നു. യാ റസൂലല്ലാഹ്, അല്ലാഹു എനിക്ക് ഇസ്ലാം എന്ന അനുഗ്രഹം നൽകിയിരിക്കുന്നു. മക്കയിലേക്ക് തിരിച്ചു പോവുകയാണെങ്കിൽ എനിക്ക് മുന്നിലുള്ള ദുഃഖത്തെയും അപകടകരമായ ജീവിതത്തെയും കുറിച്ച് അങ്ങേക്ക് അറിയാവുന്നതാണ്. അതുകൊണ്ട് അല്ലാഹുവിനെ ഓർത്ത് എന്നെ തിരിച്ചയക്കരുത്. എന്നാൽ അതിനെതിരിൽ അബൂബസീറിന്റെ കുടുംബക്കാർ തിരുനബി(സ)നോട് ചെയ്ത ഉടമ്പടിയെപറ്റി ഓർമപ്പെടുത്തുകയും ചെയ്യുന്നു. നബി(സ)ന്റെ ഹൃദയത്തിൽ അത് വലിയ പ്രയാസമുണ്ടാക്കിയിരുന്നു. ആ സന്ദർഭത്തിലും നബി(സ) തന്റെ വിശ്വസ്തതയും സതസന്ധതയും പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

അവിടുന്ന് പറയുകയുണ്ടായി: അല്ലയോ അബൂബസീർ, ഞാൻ ഈ ആളുകളുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ മതത്തിൽ ഉടമ്പടി ലംഘിക്കുന്നത് അനുവദനീയമല്ലെന്നും നിങ്ങൾക്ക് അറിയാം. നിങ്ങൾ ഈ ആളുകളോടൊപ്പം തിരിച്ചുപോവുക. നിങ്ങൾ സഹനവും സ്ഥൈര്യവുമായി ഇസ്ലാമിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ നിങ്ങൾക്കും നിങ്ങളെപ്പോലുള്ള നിസ്സഹായരായ മറ്റ് മുസ്ലിങ്ങൾക്കും അല്ലാഹു താൻ തന്നെ ഏതെങ്കിലും രക്ഷപ്പെടാനുള്ള മാർഗം തുറന്നുതരുന്നതാണ്. നബി(സ)ന്റെ ഈ നിർദ്ദേശമനുസരിച്ച് അബൂബസീർ മക്കക്കാരോടൊപ്പം തിരിച്ചുപോയി. ഇതിനു ശേഷമുള്ള സംഭവത്തിൽനിന്ന്, ഇനി മക്കയിൽനിന്ന് ഓടിപ്പോകുന്ന ഓരോ ആളെയും മക്കയിലേക്ക് തിരിച്ചെത്തിക്കണമെന്ന ഉത്തരവാദിത്തം നബി(സ)ന് ഉണ്ടെന്ന് ആക്ഷേപമുന്നയിക്കുകയാണെങ്കിൽ ഈ നിബന്ധനയിൽ അത്തരം കാര്യങ്ങൾ ഉണ്ടായിരുന്നില്ല. മദീനയിൽനിന്ന് പുറത്താക്കപ്പെട്ട ആളുകൾ എവിടെ ആയിരുന്നാലും അവർക്ക് നബി(സ) കൽപ്പന നൽകുകയും തന്റെ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തി മക്കയിലേക്ക് എത്തിക്കണമെന്നും പറയുന്നത് തികച്ചും വിവരക്കേടാകുന്നു. മക്കാനിഷേധികൾ തന്നെയാണ് ഈ നിബന്ധന വെച്ചത്. ഏതായാലും ഇത് മക്കാഖുറൈശികളുടെ തന്ത്രമായിരുന്നു. അത് അവർക്ക് തന്നെ തിരിച്ചടിയായി. അബൂബസീറിന്റെ കൂടെക്കൂടിയവർ മുസ്ലിംകളായിരുന്നുവെന്നത് ശരിതന്നെ. അത്തരം ആളുകളുടെ രാഷ്ട്രീയമോ ഭരണപരമോ നിയമപരമോ ആയ കാര്യങ്ങളിൽ അവർക്കുമേൽ തിരുനബിക്ക് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. അവർ തന്നെയാണ് അവരെ നബി(സ)ന്റെ രാഷ്ട്രീയാധികാരത്തിൽനിന്ന് മാറ്റിനിർത്തിയത്. അങ്ങനെയിരിക്കെ നബി(സ)നുമേൽ ആക്ഷേപം ഉന്നയിക്കുന്നത് എങ്ങനെയാണ്? ഏതായാലും ഇത് മക്കാഖുറൈശികളുടെ തന്ത്രമായിരുന്നു. അത് അവർക്ക് തന്നെ തിരിച്ചടിയായി. നബി(സ)ന്റെ കോന്തല ഏതായാലും വിശുദ്ധമായിരിക്കുകയും ചെയ്യും. നബി(സ) ഉടമ്പടിയുടെ വാക്കുകളും പൂർത്തീകരിച്ചു. അബൂബസീറിനെ മക്കക്കാരുടെ കൈകളിൽ ഏൽപ്പിച്ചു. മദീനയിൽനിന്ന് തിരിച്ചയച്ചു. മാത്രമല്ല ഉടമ്പടിയുടെ ആത്മാവിനെയും നിലനിർത്തി. നബി(സ) അബൂബസീറിനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും തന്റെ രാഷ്ട്രവൃത്തത്തിൽനിന്നും പുറത്താക്കി. (അങ്ങനെ എല്ലാ നിലക്കും തന്റെ സത്യസന്ധത നിലനിർത്തുകയും ചെയ്തു.)

എന്നാൽ ഈ ആളുകൾ നീതിയോടെ പ്രവർത്തിക്കുന്നില്ല. ഇവർ ഇസ്‌ലാമിനുമേലും റസൂൽ[സ]നു മേലും അടിസ്ഥാന രഹിയതമായ ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു.

ഇന്നും അങ്ങനെത്തന്നെയാണ് തുടർന്ന് കൊണ്ടിരിക്കുന്നത്. ഇന്നും ഇതേ കാര്യങ്ങൾ തന്നെയാണ് ലോകത്ത് കുഴപ്പങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അല്ലാഹു ഇന്ന് ലോകത്തിനും പ്രത്യേകിച്ച് മുസ്‌ലിങ്ങൾക്കും വിവേകം നൽകുകയും ഈ ദജ്ജാലി ഫിത്നയിൽനിന്ന് സംരക്ഷണം നൽകുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 06.12.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing: Tariq Alanallur, Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516